# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1528

11.2.2013-ൽ മറുപടിക്ക്

## ക്ഷീരോൽപ്പാദന വികസന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. കെ.സി. ജോസഫ്. (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരോൽപ്പാദനച്ചെലവ് ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നതിനാൽ അതുമായി ബന്ധപ്പെടുത്തി പരിഗണിക്കുമ്പോൾ പാൽ വില തികച്ചും പര്യാപ്തമല്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്നവരെ നിലനിർത്തുന്നതിന് ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളത് ; | (ബി) ക്ഷീരോൽപാദനച്ചെലവ് കുറയ്ക്കുന്നതിനുവേണ്ടി ശാസ്ത്രീയമായ രീതിയിൽ പാലുല്പാദനം നടത്തുന്നതിനാവശ്യമായ ബോധവൽക്കരണം നടത്തി ക്ഷീരോല്പാദനം ലാഭകരമാക്കുന്നതിനായി ക്ഷീരവികസന വകുപ്പ് ക്ഷീര സംഘങ്ങൾ വഴി ചർച്ചാക്ലാസ്സ്, സെമിനാറുകൾ എന്നിവയും മറ്റു ബോധവൽക്കരണ പരിപാടികളും നടപ്പിലാക്കി വരുന്നു. കൂടാതെ തീറ്റച്ചെലവ് കുറച്ച് ക്ഷീരോല്പാദനം ലാഭകരമാക്കുവാൻ തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, അസോളകൃഷി, സങ്കരയിനം പശുക്കളെ വാങ്ങി നൽകുന്ന മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം (എം.എസ്.ഡി.പി) തുടങ്ങി ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ കേന്ദ്ര പദ്ധതികളായ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ് കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, മിനി ഡയറി ഫാമിലെ കറവ പശുക്കൾക്ക് സൗജന്യ തീറ്റ വിതരണം, കറവമൃഗങ്ങളുടെ സൗജന്യ ഇൻഷ്വറൻസ് പദ്ധതി, കറവമൃഗങ്ങൾക്ക് വിരയിളക്കുന്ന പദ്ധതി, 9 മാസം പ്രായമായ പെൺ കിടാരികളെ ദത്തെടുക്കൽ പദ്ധതി, കറവ യന്ത്രവിതരണം, ക്ഷീര കർഷകർക്ക് അപകട |

ഇൻഷ്വറൻസ് പദ്ധതി, മരണാനന്തര ധന സഹായം, ഉപരിപഠന ധനസഹായം, പ്രൊഡക്ഷൻ ഇൻസെന്റീവ്, സമ്മർ ഇൻസെന്റീവ്, കെട്ടിട നിർമ്മാണ ഗ്രാന്റ് എന്നിവ മിൽമ ക്ഷീരകർഷകർക്ക് നൽകി വരുന്നു. കൂടാതെ ക്ഷീരകർഷക ക്ഷേമനിധി ബോർഡ് മുഖേനയും വിവിധ ക്ഷേമ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്.

(സി) ഈ മേഖലയിലെ കാലികമായ പ്രതിസന്ധി പരിഗണിച്ച് പുതിയ എന്തെങ്കിലും പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ ;

(സി) പുതിയതായി മിൽക്ക് ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. സംഘത്തിൽ അളക്കുന്ന പാലിന് ധനസഹായം നൽകുന്ന പദ്ധതിയാണ് ഇത്.

(ഡി) പാൽ വില വർദ്ധിപ്പിക്കാതെ ക്ഷീരോൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിനുവേണ്ടി കാലോചിതമായ നടപടിക്ക് തയ്യാറാകുമോ ?

(ഡി) ഉല്പാദന ചെലവിന് ആനുപാതികമായ വില ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നതിന് പാൽ വില വർദ്ധിപ്പിക്കേണ്ട തായി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ